ഖുത്വ്ബ
16.6.2006
ജർമ്മനി

# കൂടുതൽ പള്ളികൾ നിർമ്മിക്കുക; തബ്‌ലീഗിനുള്ള വഴി തുറക്കും

إِنَّمَا يَعْمُرُ مَسٰجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ
وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ وَلَمْ يَخْشَ اِلَّا اللّٰهَ فَعَسٰٓى
اُولٰٓئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ ﴿١٨﴾

**ഈ** സമയത്ത് രണ്ട് കാര്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതിലൊന്നാമത്തേത് പള്ളികളുടെ നിർമ്മാണത്തെ സംബന്ധിച്ചുള്ളതാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഒരു നിശ്ചിത കാലത്തിനുള്ളിൽ നൂറു പള്ളി നിർമ്മിക്കുന്നതിനായി ജർമ്മനി അഹ്മദിയ്യാ ജമാഅത്തിന് ഒരു ടാർഗറ്റ് നല്കിയിരുന്നു. ആദ്യമായി ഈ ടാർഗറ്റ് നല്കിയത് 1989-ലായിരുന്നു. അക്കാലത്തെ ജർമ്മനി ജമാഅത്തിന്റെ അംഗബലവും സാമ്പത്തികകഴിവും കണക്കിലെടുത്താണ് അവിടന്ന് ഈ ടാർഗറ്റ് നല്കിയതെന്ന് ഞാൻ കരുതുന്നു. അതായത്, പത്തുവർഷത്തിനുള്ളിൽ നൂറു പള്ളി പണിയുമെന്ന്. ഒരുകാലം കഴിഞ്ഞിട്ടും ഈ ടാർഗറ്റ് പൂർത്തിയായില്ല. അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതീക്ഷയനുസരിച്ചുള്ള ശ്രദ്ധയുണ്ടായില്ല. പിന്നീട് 1997-ൽ നടന്ന ജൽസയിലും അദ്ദേഹം ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞു. അതിനുശേഷം അല്പം ഉത്സാഹം ഉണ്ടായി. കുറച്ചുപള്ളികൾ നിർമ്മിക്കുകയോ സ്ഥലം വാങ്ങുകയോ ചെയ്തു. 2003-ൽ ആദ്യമായിട്ട് ഞാൻ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ വന്നപ്പോൾ അമീർ സാഹിബ് കുറച്ച് പള്ളികളുടെ ഉദ്ഘാടനം എന്നെക്കൊണ്ട് ചെയ്യിച്ചു. ഇനി ഞാൻ വരുമ്പോൾ കുറഞ്ഞത് അഞ്ച് പള്ളി നിർമ്മിച്ചിരിക്കണമെന്ന് ഞാൻ അമീർസാഹിബിനോട് അന്ന് പറഞ്ഞിരുന്നു. ഇനി താങ്കൾ പെട്ടെന്ന് അഞ്ച് പള്ളി നിർമ്മിച്ചാൽ ഞാൻ ജർമ്മനിയിൽ വരുന്നതാണെന്നും എന്തായാലും ഈ പ്രവൃത്തി വേഗത്തിൽ നടക്കേണ്ടതാണെന്നും പറഞ്ഞിരുന്നു. അങ്ങനെ ജർമ്മനി ജമാഅത്ത് ഇക്കാര്യത്തിലേക്ക് വീണ്ടും ശ്രദ്ധിച്ചു. ഇതിന്റെ ഫലമായി 2004-ലെ ജൽസയിൽ പങ്കെടുക്കാൻ ഞാൻ വന്നപ്പോൾ അഞ്ച് പള്ളിയുടെ ഉദ്ഘാടനം നടന്നു.

ഈ ടാർഗറ്റ് വളരെ വലുതാണെന്നും ഇത് പൂർത്തിയാക്കാൻ സാധ്യമല്ലെന്നും ചിലർ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഇക്കാരണത്താൽ അനാവശ്യമായിട്ട് മടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതു തെറ്റായ ചിന്താഗതിയാണെന്നാണ് എനിക്ക് പറയാനുള്ളത്. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്ന ടാർഗറ്റനുസരിച്ച് പള്ളി നിർമ്മാണം പൂർത്തിയാക്കാൻ ശ്രമിക്കുക. അങ്ങനെയാണ് ചെയ്യേണ്ടതും. ഓരോ വർഷവും 10 പള്ളി നിർമ്മിക്കുന്നതിനു പകരം അഞ്ചു പള്ളി നിർമ്മിക്കാൻ ഞാൻ ടാർഗറ്റ് നല്കിയിരുന്നു. അത് പൂർത്തിയാക്കുക. എന്തുവന്നാലും ഇതിൽനിന്ന് നിങ്ങൾ പിന്മാറരുത്. പള്ളിനിർമ്മാണം ഏറെ പ്രയാസകരമാണെന്ന് പറഞ്ഞ് പിന്മാറുന്നത് സത്യവിശ്വാസികൾക്ക് ചേർന്നപണിയല്ല. ടാർഗറ്റ് മുന്നിൽ വയ്ക്കുന്നില്ലെങ്കിൽ നിങ്ങൾ തികച്ചും അയഞ്ഞുപോകും.

ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന പണം പള്ളി പണിയുന്നതിനുപകരം ജമാഅത്തിന് ഏറെ ഗുണം ചെയ്യുന്ന മറ്റു കാര്യങ്ങൾക്കായി ചെലവഴിക്കാമെന്ന ചിന്താഗതി തികച്ചും തെറ്റാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'ജമാഅത്തിന്റെ വളർച്ച എവിടെ നിങ്ങളാഗ്രഹിക്കുന്നുവോ അവിടെ മസ്ജിദു പണിയുക' എന്ന നിർദ്ദേശം എപ്പോഴും ഓർക്കുക. വാക്കുകൾ എന്റേതാണെങ്കിലും ആശയം ഇതുതന്നെയാണ്. ഈ വിചാരത്തോടെ മസ്ജിദുകൾ നാം നിർമ്മിക്കേണ്ടതണ്. ഇന്ന് ഇസ്‌ലാമിന്റെ നാമം തിളക്കമാർന്നതാക്കാനും, ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് പരത്താനും നമ്മൾ തന്നെയാണ് ത്യാഗങ്ങൾ വരിക്കേണ്ടതും പ്രവർത്തിക്കേണ്ടതും. അല്ലാഹുവും അപ്പോൾ സഹായിക്കും. അവൻ എപ്പോഴും സഹായിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഇക്കാരണത്താൽ നമ്മൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരുകയും ചെയ്യുന്നു. അവന്റെ അനുഗ്രഹത്തിന്റെ കാഴ്ചകളും നാം കാണുന്നു. ***റബ്ബനാ തഖബ്ബൽ മിന്നാ*** ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് ഇത് സ്വീകരിക്കേണമേ (അതായത് നമ്മുടെ ത്യാഗം) എന്നു പ്രാർത്ഥിക്കുകയാണെങ്കിൽ തീർച്ചയായും ഈ പ്രാർത്ഥന ഒരിക്കലും നഷ്ടപ്പെട്ടുപോകുകയില്ല. പള്ളി

നിർമ്മാണത്തിന്റെ ആവശ്യമില്ല മറ്റ് എന്തെങ്കിലും പദ്ധതി ചെയ്യാമെന്ന നിങ്ങളുടെ ചിന്താഗതി തെറ്റാണെന്ന് നിങ്ങൾക്ക് മനസ്സിലാകുകയും ചെയ്യും.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പറച്ചിൽ ആവേശംകൊണ്ടല്ല. മറിച്ച്, ലോകത്ത് ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനും ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനം പരത്തുന്നതിനും പള്ളികൾ നിർമ്മിക്കുക എന്നത് ഒരു വേദനയായിരുന്നു. ഒരു പിടയലായിരുന്നു. ഒരു ആഗ്രഹമായിരുന്നു. അവിടന്ന് ഇതു പറഞ്ഞപ്പോൾ, ഇന്ത്യയിൽ പള്ളി നിർമ്മിക്കണ്ട അല്ലെങ്കിൽ ഇന്ന സ്ഥലത്ത് നിർമ്മിക്കണ്ട എന്നു പറഞ്ഞില്ല. എല്ലായിടത്തും പള്ളി നിർമ്മിക്കാനാണ് അവിടന്ന് പറഞ്ഞത്. വാസ്തവത്തിൽ അന്നും ഇന്നും ഇന്ത്യയിലും പള്ളി നിർമ്മിച്ചിട്ടുണ്ട്. നിർമ്മിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, അഹ്മദികളല്ലാത്തവർ നിർമ്മിക്കുന്ന ഈ പള്ളികൾ, ഇക്കാലത്തെ ഇമാമിനെ നിഷേധിക്കുന്നവരുടേതാണ്. നിഷേധിക്കുന്നവരാണ് ഈ പള്ളികൾ നിർമ്മിക്കുന്നത്. തഖ്‌വയെ അടിത്തറയാക്കിക്കൊണ്ടല്ല ഇവരിത് നിർമ്മിക്കുന്നത്. ഇന്ന കക്ഷിയുടെ പള്ളി ഇത്ര മനോഹരമാണ്, അതിനേക്കാൾ മനോഹരമായത് തങ്ങൾക്ക് നിർമ്മിക്കണമെന്ന ചിന്താഗതിയാണ് ഇതിന്റെ പിന്നിലുള്ളത്. പക്ഷേ, അഹ്മദിയ്യാ ജമാഅത്ത് നിർമ്മിക്കുന്ന പള്ളികൾ, അത് ആരെയെങ്കിലും കാണിക്കുന്നതിനു വേണ്ടിയല്ല. ആരെയെങ്കിലും കാണിക്കാൻവേണ്ടി പള്ളികൾ നിർമ്മിക്കാനും പാടില്ല. ഇത് ത്യാഗങ്ങൾ വരിച്ചുകൊണ്ട്, ത്യാഗങ്ങൾ വരിക്കുന്നവർ നിർമ്മിക്കുന്ന പള്ളികൾ ആയിരിക്കേണ്ടതാണ്.

അല്ലാഹുവേ, ഇതു സ്വീകരിക്കേണമേ, ഞങ്ങളെ എപ്പോഴും ഇതിനെ പരിപാലിക്കുന്നവരാക്കേണമേ, എന്ന ഭാവനയോടും ദുആയോടും കൂടി അത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. സമർപ്പിക്കേണ്ടതുമാണ്. ഞാനോതിയ വചനത്തിൽ അല്ലാഹു പറഞ്ഞു:

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമേ അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കുകയുള്ളൂ. അത്തരക്കാർ നേർമാർഗ്ഗം പ്രാപിക്കുന്നവരിൽപെട്ടവരായേക്കാം. (*9:18*)

നമ്മൾ ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവേ, ഞങ്ങളെ തികഞ്ഞ സത്യവിശ്വാസികളാക്കേണമേ, കാരണം സത്യവിശ്വാസിയാകുക എന്നതും നിന്റെ ഫള്ലുമായി ബന്ധപ്പെട്ടതാണ്. അന്ത്യനാളിലുള്ള നമ്മുടെ വിശ്വാസം ദൃഢതരമാക്കേണമേ. നിന്റെ തിരുസന്നിധിയിൽ ഹാജരാകുമ്പോൾ, ഞങ്ങൾ നിന്റെ പ്രീതിക്കായി പള്ളി നിർമ്മിച്ചവരാണെന്നും നിന്നെ ആരാധിക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യമെന്നും നിന്റെ മതത്തിന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യമെന്നുമുള്ള സന്തോഷവാർത്ത ഞങ്ങൾക്ക് കേൾക്കുമാറാകണം. നാം പള്ളികൾ നിർമ്മിക്കുന്നതും നിർമ്മിച്ചുകൊണ്ടിരിക്കുന്നതും ഇതിനുവേണ്ടിയാണ്. നമസ്കാരത്തിലേക്ക് നാം ശ്രദ്ധിച്ചുകൊണ്ടിരുന്നതും ഇതിനുതന്നെ. ആരെയെങ്കിലും കാണിക്കുക എന്നതായിരുന്നില്ല നമ്മുടെ ലക്ഷ്യം. നമ്മുടെ സകല സാമ്പത്തിക ത്യാഗവും അല്ലാഹുവേ, നിനക്കുവേണ്ടിയായിരുന്നു. അതായത് നിന്റെ നാമം ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുക. നിന്റെ പ്രിയങ്കരനായ നബി (സ)യുടെ കൊടി ലോകത്ത് ഉയർന്നു പാറിക്കളിക്കണം. നിന്നോടുള്ള തഖ്‌വ ഞങ്ങളുടേയും ഞങ്ങളുടെ മക്കളുടേയും ഹൃദയങ്ങളിൽ ഉറയ്ക്കണം. നീ ഞങ്ങൾക്കു സന്മാർഗ്ഗം നല്കി. അങ്ങനെ ഞങ്ങൾ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചു. അദ്ദേഹത്തെ വിശ്വസിക്കാൻ ഞങ്ങൾക്ക് തൗഫീഖ് നല്കി. വീണ്ടും ഇസ്‌ലാം ദീനിന്റെ യഥാർത്ഥ അദ്ധ്യാപനം ലോകത്ത് സ്ഥാപിക്കാൻ വേണ്ടിയാണ് അദ്ദേഹത്തെ നീ അയച്ചത്.

അതുകൊണ്ട് ഞങ്ങളുടെ ബലഹീനതയും, തെറ്റുകളുംകൊണ്ട് ഈ ഹിദായത്തിൽനിന്ന് ഞങ്ങളെ പിന്തള്ളിക്കളയരുതേ! ഞങ്ങളെ നീതന്നെ ഹിദായത്തിൽ ഉറപ്പിച്ചുനിറുത്തേണമേ. നീ തന്നെ ഞങ്ങളെ നേരായ പാതയിലൂടെ നടത്തേണമേ. അല്ലാഹുവേ, നീ പ്രാർത്ഥനകൾ കേൾക്കുന്നവനും ഹൃദയങ്ങളുടെ അവസ്ഥ അറിയുന്നവനുമാണ്. ഞങ്ങളുടെ ഈ എളിയ പ്രാർത്ഥനകളെ കേൾക്കേണമേ. ഞങ്ങളുടെ ഈ പള്ളി നിർമ്മാണത്തിനു പിന്നിലുള്ള സദുദ്ദേശ്യത്തിന് പ്രതിഫലം നൽകേണമേ.

ഞങ്ങൾ പള്ളി നിർമ്മിക്കുന്ന ഈ സ്ഥലത്തും നിന്റെ നാമം പ്രകടമാകേണമേ. ഞങ്ങളുടെ ഉദ്ദേശ്യങ്ങൾ നിന്റെ മുന്നിലുണ്ട്. നീ ഞങ്ങളുടെ ഹൃദയാവസ്ഥകൾ അറിയുന്നു. ഞങ്ങളുടെ ഉള്ളിന്റെയുള്ളിലുള്ളതും നന്നായിട്ടറിയുന്നവനാണ്. ഞങ്ങൾ അറിയാത്തതും നീ അറിയുന്നു. അതിനാൽ നിന്റെ സാമീപ്യം ഞങ്ങൾക്കു നല്കിയാലും. കൂടുതൽ

പള്ളികൾ നിർമ്മിക്കാൻ ഞങ്ങൾക്ക് കഴിവ് നല്കി ക്കൊണ്ടിരിക്കേണമേ. ആരാണോ അല്ലാഹുവിനു വേണ്ടി പള്ളി നിർമ്മിക്കുന്നത് അല്ലാഹുവും അവ നുവേണ്ടി സ്വർഗ്ഗത്തിൽ അതുപോലുള്ള വീടു നിർമ്മിക്കുമെന്ന നിന്റെ പ്രിയപ്പെട്ട നബിയുടെ വാക്കു കൾ ഞങ്ങൾക്കുവേണ്ടി അന്വർത്ഥമാക്കേണമേ. നീ ഞങ്ങളെ യഥാർത്ഥ സത്യവിശ്വാസികളിൽ ഉൾപ്പെ ടുത്തേണമേ.

ഇന്ന് അഹ്മദി അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ പൊതുവെ ഈ വിചാരത്തോടെയാണ് പള്ളി കൾ നിർമ്മിക്കുന്നത്. പള്ളികൾ നിർമ്മിക്കുന്നതി നായി ധനത്യാഗം ചെയ്യുന്നത്. പള്ളികളെ ജനവാസ മുള്ളതാക്കിത്തീർക്കുന്നത്. എന്നാൽ, ബലഹീനരായ ചിലരുമുണ്ടാകും. അവർ ധനത്യാഗം ചെയ്യുന്നത് ശരി തന്നെ, പക്ഷേ, പള്ളികളിൽ വരുന്നതിൽ മടിയുണ്ടാ കുന്നു. ഇതകറ്റുന്നതിനും എല്ലാ അഹ്മദിയും പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. എല്ലാ പോഷകസംഘടന കളും പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. ഇന്ന പട്ട ണത്തിൽ പള്ളി ഇത്ര അകലെയാണെന്നും, ദൂരെ യാണ് പള്ളി പണിതതെന്നും അതുകൊണ്ട് പള്ളി യിൽ വരാൻ പ്രയാസമാണെന്നുമൊക്കെ പറയുന്നത് ശരീരേച്ഛയുടെ തന്ത്രങ്ങളാണ്. ദൃഢനിശ്ചയമുണ്ടെ ങ്കിൽ, സദുദ്ദേശ്യമാണെങ്കിൽ ഇന്നിവിടെ പാശ്ചാത്യ രാജ്യങ്ങളിൽ യാത്രാവാഹനം എല്ലാവർക്കുമുണ്ട്. അതുമുഖേന അനായാസം അവർക്ക് പള്ളിയിൽ പോകാൻ കഴിയും. ഒഴിവ് കഴിവ് പറയുകയാ ണെങ്കിൽ, നൂറെണ്ണം കിട്ടും.

ഒരാൾ എനിക്കെഴുതി. ജർമ്മനിയിൽ നമ്മുടെ പള്ളി പണിയുന്നത് ജനവാസമില്ലാത്ത സ്ഥലത്താ ണ്. കൊമേഷ്യൽ ഏരിയായിലോ ഇൻഡസ്ട്രിയൽ ഏരിയായിലോ ആണ് അത് നിർമ്മിക്കുന്നത്. ഈ പള്ളി നിർമ്മിക്കുന്നവർ, കമ്മറ്റിയാകട്ടെ, വ്യക്തിക ളാവട്ടെ അഹ്മദികൾക്കുവേണ്ടിയോ അതല്ല ജർമ്മൻകാർക്കു വേണ്ടിയോ പള്ളിനിർമ്മിക്കുന്നത്? ഒന്നാമതായി പറയാനുള്ളത് നമ്മൾ അല്ലാഹുവിൽ പ്രതീക്ഷ അർപ്പിക്കണം എന്നാണ്. ദുആ ചെയ്യണം. ഞാൻ ആദ്യം പറഞ്ഞതുപോലെ, ***റബ്ബനാ തഖബ്ബൽ മിന്നാ*** എന്ന് പ്രാർത്ഥിക്കണം. അല്ലാഹുവേ, ഈ ത്യാഗം നീ സ്വീകരിച്ചാലും. ***ഇന്നക്ക അൻത സ്സമീ ഉൽഅലീം.*** നീ പ്രാർത്ഥന കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു. ഞങ്ങളുടെ നിയ്യത്ത്-ഉദ്ദേശ്യം ഈ പള്ളിനിർമ്മാണത്തിലൂടെ ഞങ്ങളുടെ ആരാധനയിൽ കൃത്യനിഷ്ഠ ഉണ്ടാകണമെന്നതാണ്. ഈ പള്ളി ഇവിടെ നിർമ്മിക്കുന്നത് നിന്റെ മസീഹിന്റെ ആഗ്രഹമനുസരിച്ച് അഹ്മദിയ്യത്തിന്റെ പ്രബോധന ത്തിനുള്ള മാർഗ്ഗവുമാകണം. അതിനായി ഞങ്ങളുടെ പ്രാർത്ഥന കേട്ടും, ഞങ്ങളുടെ ഈ ത്യാഗം സ്വീകരി ച്ചും കൊണ്ട് ഈ പള്ളിയുടെ ചുറ്റുപാടും ഈ ജന തയിൽനിന്നും നമസ്ക്കാരക്കാരെ നല്കിയാലും. അല്ലാഹുതആല തീർച്ചയായും ഇത്തരം ദുആ സ്വീക രിക്കുന്നവനാണ്. പള്ളികൾ നിർമ്മിക്കുന്നതിനും അതിനെ ജനവാസമുള്ളതാക്കിത്തീർക്കുന്നതിനും വേണ്ടി പൂർണ്ണമായും ശ്രമിക്കേണ്ടതാണ്. സദുദ്ദേശ്യ ത്തോടെ പള്ളി നിർമ്മിച്ചുകൊണ്ടിരുന്നാൽ, ജനവാ സമില്ലാത്ത സ്ഥലത്താണ് പള്ളി പണിയുന്നതെ ന്നുള്ള ആക്ഷേപം അകലുകയും ജനങ്ങൾ തന്ന ത്താൻ അവിടെ എത്തിച്ചേരുകയും ചെയ്യും.

നിങ്ങൾ 'മസ്ജിദ് ഫസ്ൽ' ലണ്ടൻ നോക്കുക. അക്കാലത്തെ മുബല്ലിഗോ ഏതോ അഹ്മദിയോ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)നെഴുതി യത് ഈ സ്ഥലം വളരെ ദൂരത്താണെന്നും ഇവിടെ ആരും വരികയില്ലെന്നുമായിരുന്നു. കിട്ടിയസ്ഥലത്തു തന്നെ പള്ളി പണിയുകയെന്ന് ഹസ്റത്ത് ഖലീഫ ത്തുൽ മസീഹ് സാനി(റ) പറഞ്ഞു. ഇന്ന് നിങ്ങൾ ലണ്ടനിലെ ബൈത്തുൽ ഫസ്ലിന്റെ ഈ സ്ഥലം നോക്കുക. എത്രമാത്രം ജനനിബിഢമാണ്. ഈ പ്രദേശം ജനതാമസം നോക്കുകയാണെങ്കിൽ, വിലപിടിച്ച സ്ഥലങ്ങളിൽ ഉൾപ്പെടുന്നു.

ആസ്ത്രേലിയായിൽ സിഡ്നിയിൽ പള്ളി പണിതു. അതൊരു വനത്തിലായിരുന്നു. വലിയൊരു സ്ഥലം അവിടെയാണ് കിട്ടിയത്. അത് ജമാഅത്ത് വാങ്ങി. അക്കാലത്ത് അവിടെ തെമ്മാടികളുടേയും കൊള്ളക്കാരുടേയും സാമൂഹ്യവിരുദ്ധരുടേയും സങ്കേതമായിരുന്നുവെന്ന് പറയുന്നു. എല്ലാ ദിവസവും അവിടെ മോഷ്ടാക്കൾ ഒളിച്ചിരിക്കാൻ വരുമായിരു ന്നു. സിഡ്നിയിൽ അവിടെ മാത്രമായിരുന്നു നമുക്ക് പള്ളിയുണ്ടായിരുന്നത്. മിഷണറി സാഹിബിന്റെ ഒരു വീടു മാത്രമെ ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് ശക്കീർ മുനീർ സാഹിബായിരുന്നു അവിടെ ഉണ്ടായി രുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ആ വീടും ടിന്നും തടിയും കൊണ്ടായിരുന്നു പണിതിരുന്നത്. നമ്മുടെ മിഷണറി സാഹിബ് നിത്യവും രാത്രി പോലീ സിന് ഫോൺ ചെയ്യാറുണ്ടായിരുന്നു. അപ്പോൾ പോലീസ് ഹെലിക്കോപ്റ്ററിൽ വന്ന് കള്ളന്മാരേയും കൊള്ളക്കാരേയും അന്വേഷിക്കുമായിരുന്നു. തനിച്ച് താമസച്ചിരുന്ന ആ ഭാര്യയും ഭർത്താവും രാത്രിയിലും ഉറങ്ങിയിരിക്കുകയില്ല. എന്നാൽ, പിന്നീട് അവിടെ ജനങ്ങൾ വന്നുപാർക്കാൻ തുടങ്ങി. കാടും വെട്ടിത്തെ ളിക്കപ്പെട്ടു. ഇപ്പോഴും അവിടെ അഹ്മദികൾക്ക് 20,

25 മിനിറ്റ് ഡ്രൈവ് ചെയ്ത് പള്ളിയിൽ വരേണ്ടിവരുന്നുണ്ട്. എങ്കിലും തങ്ങൾക്കൊരു പള്ളിയുണ്ടെന്ന കാര്യത്തിൽ അവർ സന്തുഷ്ടരാണ്. അതിനെ അവർ ദൂരത്തായി മനസ്സിലാക്കുന്നില്ല.

ഇവിടെ ഈ രാജ്യത്ത് ഞാൻ കരുതുന്നത് എവിടെ പാർക്കുന്ന അഹ്മദിയാണെങ്കിലും അവർക്ക് 20, 25 മിനിറ്റു ഡ്രൈവ് വേണ്ടിവരില്ല അവരവരുടെ പള്ളിയിൽ എത്തിച്ചേരാൻ എന്നാണ്. അതുകൊണ്ട് പള്ളി ഇത്ര ദൂരെയാണ് അതുകൊണ്ട് പള്ളിയിൽ പോകാൻ തങ്ങൾക്ക് കഴിയുന്നില്ല എന്നത് വെറും തന്ത്രമാണ്. പള്ളിയിൽ പോകുകയാണെങ്കിൽതന്നെ പുതുതായി ഡ്രൈവിംഗ് പഠിച്ചവരും, കാറോടിക്കാൻ താല്പര്യമുള്ളവരും മാത്രമെ പോകുകയുള്ളൂ എന്നും മറ്റുള്ള ആരും ഇത്രദൂരെ പോകുകയില്ലെന്നും എഴുത്തയച്ച ആൾ എഴുതുന്നു.

ഈ തന്ത്രങ്ങളെല്ലാം ഉപേക്ഷിക്കുക. പള്ളിയിൽ പോകുന്നവരെക്കുറിച്ചുള്ള ദുർഭാവനയാണിത്. കാറോട്ടുക എന്ന താല്പര്യത്തിനാണ് പള്ളിയിൽ വരുന്നത്, ആരാധിക്കുക എന്ന ഉദ്ദേശ്യത്തോടെ അല്ല പള്ളിയിൽ വരുന്നതത്രെ! ഈ തന്ത്രങ്ങളിൽനിന്നെല്ലാം രക്ഷപ്പെട്ട് എന്തായാലും നമ്മുടെ പള്ളികളെ ജനനിബിഢമാക്കേണ്ടതാണ്. അതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഇസ്ലാമിന്റെ പുരോഗതിക്കായി പള്ളികൾ നിർമ്മിക്കേണ്ടത് നിർബന്ധമാണ്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) യുടെ ആഗ്രഹം ഇതുതന്നെയായിരുന്നു. അതായത്, യൂറോപ്പിൽ 2500 പള്ളി നമുക്ക് നിർമ്മിക്കാൻ കഴിഞ്ഞാൽ തബ്ലീഗിന്റെ വിശാലമായ വഴി തുറക്കുമെന്ന് അവിടന്ന് പറഞ്ഞു. ഇപ്പോൾ യൂറോപ്പിൽ നമുക്ക് വിരലിലെണ്ണാവുന്നത്ര പള്ളിയേയുള്ളൂ. അതിനാൽ ദീർഘമായ യാത്ര ബാക്കിയുണ്ട്. നിങ്ങൾ ദൃഢനിശ്ചയം ചെയ്താൽ തീർച്ചയായും ഇത് ദീർഘമായ യാത്രയല്ല. നിങ്ങൾക്ക് നേടിയെടുക്കാൻ കഴിയാത്ത പ്രയാസകരമായ ടാർഗറ്റുമല്ല.

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വളരെ ചിന്തിച്ചതിനുശേഷമാണ് ഈ ടാർഗറ്റ് നിങ്ങൾക്ക് നല്കിയത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം അതിനുശേഷം ഖലീഫമാരും പറഞ്ഞുകൊണ്ടിരുന്നത് ഇതുതന്നെയാണ്. ഈ നിർദ്ദേശങ്ങൾ കേട്ടതിനുശേഷം ജമാഅത്ത് കുറവായതുകൊണ്ട് പള്ളി ഇപ്പോൾ ആവശ്യമില്ല, ആ പണം മറ്റു വല്ലതിനും ചെലവഴിക്കാമെന്ന ധാരണ അകന്നുകഴിഞ്ഞു. ഇനി അവശേഷിക്കുന്നത്, പള്ളികൾ നിർമ്മിക്കുന്ന സ്ഥലത്തെ സംബന്ധിച്ചാണ്. അത് നിങ്ങൾ താമസിക്കുന്ന സ്ഥലത്തു വേണോ അല്പം വിട്ടിട്ടു വേണോ എന്നതാണ്. ഒരു വർഷം എത്ര പള്ളികൾ നിർമ്മിക്കണമെന്നതാണ്. പട്ടണത്തിന് വെളിയിൽ പള്ളി പണിതാൽ ആൾക്കാർക്ക് വരാൻ പറ്റുകയില്ല, എന്നതിനെ സംബന്ധിച്ച് ഞാൻ കുറച്ച് വിശദീകരിച്ചുകഴിഞ്ഞു. അതുകൊണ്ട് നിങ്ങളുടെ ചിന്താഗതി മാറ്റുക. ഇതിനുപുറമെ, പ്രവർത്തനപരമായ ചില തടസ്സങ്ങളുമുണ്ട്. അത് ജർമ്മനിയിൽ മാത്രമല്ല, മറ്റു ചില പാശ്ചാത്യരാജ്യങ്ങളിലുമുണ്ട്. പട്ടണത്തിൽ പ്ലോട്ടിന് വൻവിലയാണ്. പാർക്കിംഗിന്റെ പ്രശ്നവുമുണ്ടാകും. പള്ളി പണിയാൻ അനുവാദം കിട്ടണം. മറ്റു പല പ്രശ്നങ്ങളും ഉണ്ടാകുന്നു. ഈ രാജ്യങ്ങളിൽ വളരെയേറെ പ്രയാസപ്പെട്ടതിനുശേഷമാണ് കൗൺസിലിൽനിന്ന് അനുവാദം കിട്ടുന്നത്. നമ്മുടെ കഴിവിനനുസരിച്ച് നല്ല പ്ലോട്ട് എവിടെ കിട്ടുമെന്നതാണ് പ്രധാന പ്രശ്നം. അതനുസരിച്ച് വാങ്ങാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെ തന്നെയാണ് നാം പ്ലോട്ടുകൾ വാങ്ങുന്നതും. നോക്കുക, ഇവിടെത്തന്നെ പല നഗരങ്ങളുമുണ്ട്. ചില പട്ടണങ്ങളിൽ പള്ളികൾ പണിയാൻ ജമാഅത്താഗ്രഹിക്കുന്നു. പക്ഷേ, പള്ളികൾ നിർമ്മിക്കാൻ പ്ലോട്ടും അനുവാദവും കിട്ടാത്തതുകൊണ്ട്, ആഗ്രഹമുണ്ടായിട്ടും ഇതുവരെ പള്ളിയെടുക്കാൻ ജമാഅത്തുകൾക്ക് കഴിഞ്ഞിട്ടില്ല. ബർലിനിൽ പള്ളി പണിയുന്നതുതന്നെ നോക്കുക. അവിടെ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ(റ) ആഗ്രഹം എത്രയുംവേഗം പൂർത്തിയാക്കണമെന്ന് എനിക്കതിയായ ആഗ്രഹമുണ്ട്. അതായത്, ബർലിനിലെ പള്ളിനിർമ്മാണം പൂർത്തിയാവണം. രണ്ടാം ഖിലാഫത്തു മുതൽതന്നെ ബർലിനിൽ പള്ളി പണിയാനുള്ള ശ്രമം നടന്നു വന്നിരുന്നു. ഇന്ത്യയിലെ ലജ്ന ഇമായില്ലാഹ് ഇതിനുവേണ്ടി പൈസ സ്വരുക്കൂട്ടിയിരുന്നു. എന്നാൽ, ചില കാരണങ്ങളാൽ പള്ളി നിർമ്മിക്കാൻ കഴിഞ്ഞില്ല. പിന്നീട് ആ പണം ലണ്ടൻ പള്ളിക്കുവേണ്ടി ചെലവഴിച്ചു. എന്തായാലും ഇപ്പോഴും കുറേക്കാലമായി ബർലിനിൻ പള്ളി പണിയാനുള്ള ശ്രമം നടന്നുവരുന്നു. എന്നാൽ, ചിലപ്പോൾ പ്ലോട്ട് കിട്ടാൻ വിഷമം നേരിടുന്നു. ചിലപ്പോൾ കൗൺസിൽ തടസ്സമായിനില്ക്കുന്നു. അത് അകലുമ്പോൾ ജനങ്ങളുടെ ആക്ഷേപം. അതകലുമ്പോൾ, ചില ദുർവൃത്തരുടെ വകയായി ഒച്ചയും ബഹളവും. എന്തായാലും ശ്രമം നടന്നുവരുന്നു. എത്രയും വേഗം നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻശാഅല്ലാഹ്. എത്രയുംവേഗം ഇതിന്റെ നിർമ്മാണം

പൂർത്തിയാകാൻ നിങ്ങളും പ്രാർത്ഥിക്കുക മറ്റു അഹ്മദികളും പ്രാർത്ഥിക്കുക. ഈസ്റ്റ് ജർമ്മനിയിലെ നമ്മുടെ ആദ്യത്തെ പള്ളിയായിരിക്കുമിത്.

ഇക്കാലത്ത് ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുന്ന ഒരു ഭാവനയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അക്കാരണത്താലാണ് ഈ എല്ലാ തടസ്സങ്ങളും ഉണ്ടാകുന്നത്. ഈ പള്ളി എത്രയും വേഗം പൂർത്തിയാക്കാനുള്ള എല്ലാ കാര്യകാരണങ്ങളും അല്ലാഹു സൃഷ്ടിക്കുമാറാകട്ടെ. പിന്നീട് അഹ്മദിയ്യാ ജമാഅത്തിലൂടെ ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനം ജനങ്ങൾക്കറിയാൻ കഴിയും. അത് ഇൻശാഅല്ലാഹ് പറയുന്നതാണ്.

ഞാൻ പറയുകയുണ്ടായി, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ)ന് യൂറോപ്പിൽ പള്ളികൾ നിർമ്മിക്കാനാഗ്രഹമുണ്ടായിരുന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)നും ഈ ആഗ്രഹം ഉണ്ടായിരുന്നു. അതുകൊണ്ടാണ് നിങ്ങളുടെ കഴിവുകൾ നോക്കിക്കൊണ്ട്, 10 വർഷത്തിനുള്ളിൽ 100 പള്ളി പണിയാൻ ആഹ്വാനം ചെയ്തതും. പക്ഷേ, കുറച്ച് മടിയും കുറച്ച് സാമ്പത്തികമായ പ്രതിസന്ധിയും കാരണം അത് നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. പിന്നീട് ഞാൻ അവസ്ഥയ്ക്കനുസരിച്ച്, അമീർ സാഹിബിനോട് 5 പള്ളികൾ ഓരോ വർഷവും നിർമ്മിക്കാൻ പറഞ്ഞു. കാരണം ജർമ്മനി ജമാഅത്തിന്റെ മുൻപ്രവർത്തനം കണ്ടുകൊണ്ട് ഞാൻ കരുതിയിരുന്നതും, ഇപ്പോൾ കരുതുന്നതും എന്തുതന്നെ അവസ്ഥയാണെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങൾ ഇത്രയും പള്ളികൾ ഓരോ വർഷവും നിർമ്മിക്കാനുള്ള നിലയിലുള്ളവരാണെന്നാണ്. നൂറ് പട്ടണങ്ങളിലോ കസബകളിലോ നമ്മുടെ പള്ളികളിലെ തിളക്കമാർന്ന മിനാരം കാണുന്ന ആദ്യത്തെ രാജ്യം ജർമ്മനിയായിരിക്കും. ഇൻശാഅല്ലാഹ്. അതുമുഖേന അല്ലാഹുവിന്റെ നാമം ഈ നാടുകളിൽ മുഴങ്ങുന്നതായിരിക്കും. അത് ജനങ്ങളെ അവരുടെ ദൈവത്തോടു അടുപ്പിക്കുന്നതായിത്തീരും. അല്ലാഹു നിങ്ങൾക്ക് ഈ പ്രവൃത്തി പൂർത്തിയാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. എന്നാൽ, അമീർ സാഹിബിനോട് കുറഞ്ഞത് അഞ്ച് പള്ളി ഒരു വർഷം നിർമ്മിക്കാൻ ഞാൻ പറയുമ്പോൾ കൂടുതൽ ശ്രദ്ധിക്കാൻ പറയുമ്പോൾ, ജനങ്ങൾ കരുതുന്നത് ഞാൻ അമീർ സാഹിബിനോടും ജർമ്മനിജമാഅത്തിനോടും വെറുപ്പ് കാണിക്കുന്നു എന്നാണ്. ഇത് തികച്ചും തെറ്റാണ്. ഹാ, നിങ്ങൾ- അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ, ആക്കാതിരിക്കട്ടെ, ആക്കാതിരിക്കട്ടെ- പള്ളിനിർമ്മിക്കാതെ പൂർണ്ണമായനിലയിൽ ഇക്കാര്യത്തെ നിഷേധിക്കുകയാണെങ്കിൽ അപ്പോൾ എന്റെ വെറുപ്പുണ്ടാകും. എന്നാൽ, ഇൻശാഅല്ലാഹ് അല്ലാഹു ഒരിക്കലും അങ്ങനെയൊരു കാലം കൊണ്ടുവരികയില്ല.

ഞാനിക്കാര്യം പറയുകയും പോഷക സംഘടനകളെ ഈ ജോലി ഏല്പിക്കുകയും- നിങ്ങൾ പള്ളികളുടെ നിർമ്മാണത്തിനായി നിങ്ങളുടെ സംഘടനകളോടു പറയണം എന്ന് പറഞ്ഞതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരുപാട് ഫലമുണ്ടായിട്ടുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യാ ഓരോ വർഷവും ഒരു മില്യൻ യൂറോ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അവർ വാഗ്ദാനത്തെക്കാളേറെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൊടുത്തുകഴിഞ്ഞു. അൽഹംദുലില്ലാഹ്. കഴിഞ്ഞവർഷവും അവർ 1.2 മില്യൻ കൊടുത്തു. ഈ വർഷത്തെ വാഗ്ദാനവും 1.1 മില്യനായിരുന്നുവെന്ന് തോന്നുന്നു. അതിനേക്കാൾ കൂടുതൽ അടച്ചുകഴിഞ്ഞിട്ടുണ്ട്. അൽഹംദുലില്ലാഹ്. സദുദ്ദേശ്യത്തോടും, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന ആഗ്രഹത്തോടും, അവന്റെ പേര് ഉയർന്നുനില്ക്കണമെന്ന ഇച്ഛയോടും ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും കൊടി ലോകത്ത് പറക്കണമെന്ന ആശയോടും കൂടിയാണ് ഇത് ചെയ്യുന്നതെങ്കിൽ, ഒരു തടസ്സവും ഉണ്ടാകുകയില്ല.

ഇപ്രകാരം അൻസാറുല്ലായും 5 ലക്ഷം യൂറോ വാഗ്ദാനം ചെയ്തിരുന്നു. ലജ്നയും 5 ലക്ഷം വാഗ്ദാനം ചെയ്തിരുന്നു. അവരുടെ റിപ്പോർട്ട് എന്റെ കയ്യിലില്ല. പക്ഷേ, ഞാൻ പ്രതീക്ഷിക്കുന്നത് അവരുടെ വാഗ്ദാനം അവർ പൂർത്തിയാക്കിയിട്ടുണ്ടാകും എന്നാണ്. ഇതാണ് മൊത്തത്തിലുള്ള അവസ്ഥ.

എന്നാൽ ചില ജമാഅത്തുകളും മജ്‌ലിസുകളും അലസത കാണിക്കുന്നവരായിട്ടുമുണ്ട്. അവർ ആത്മപരിശോധന നടത്തേണ്ടതാണ്. എവിടെയൊക്കെ കുറവുണ്ടെന്നും പോരായ്മയുണ്ടെന്നും ആത്മാവിന്റെ കുതന്ത്രങ്ങളും അശ്രദ്ധയും എത്രയൊക്കെയുണ്ടെന്നും നോക്കേണ്ടതാണ്. ഈ ബലഹീനരായ ആളുകളേയും ഒപ്പം കൊണ്ടുവരാൻ ശ്രമിക്കുകയാണെങ്കിൽ, ഇൻശാഅല്ലാഹ് നല്ല ഫലം മുന്നിൽ വരുന്നതായിരിക്കും. പോഷക സംഘടനകളിൽ, അൻസാറുല്ലായിൽ ഒരുപാട് സാധ്യതകളുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അവർ അതിനായി ശ്രമിക്കേണ്ടതാണ്. എന്തായാലും എന്തെങ്കിലും വെറുപ്പുള്ളതുകൊണ്ടല്ല ഞാനിത് പറയുന്നത്. ആ വിചാരം

നിങ്ങൾ അവസാനിപ്പിക്കേണ്ടതാണ്. ഇനി ആർക്കെങ്കിലും അങ്ങനെ തോന്നുന്നുണ്ടെങ്കിൽ ആക്ഷേപം ഉന്നയിക്കുന്നതിന് പകരം അവർ മുമ്പത്തേക്കാൾ കൂടുതൽ പരിശ്രമിക്കേണ്ടതാണ്. അത്തരക്കാർ തുടർന്ന് ആ രീതിയിൽ ചിന്തിക്കരുതെന്ന് ഞാൻ ഉപദേശിക്കുന്നു. കാരണം അതുമുഖേന പല ദോഷങ്ങളും തലപൊക്കുന്നതാണ്.

ഇതു സംബന്ധമായി പറയട്ടെ, 1997-ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) വീണ്ടും ഇതിനെക്കുറിച്ച് പറഞ്ഞപ്പോൾ ചില കേന്ദ്ര സ്ഥാപനങ്ങളും ഇതിലേക്ക് വാഗ്ദാനം ചെയ്തിരുന്നു. ആ വാഗ്ദാനം അവർ പൂർത്തിയാക്കി വക്കാലത്തുൽ മാൽ മുഖേന ജർമ്മനിക്ക് കൊടുത്തിരുന്നു. വാഗ്ദാനം പൂർത്തിയാക്കാത്തവരെ സംബന്ധിച്ച് വക്കാലത്തുൽ മാലിനോട് പരിശോധിച്ച് വസൂൽ ചെയ്യാൻ ഞാൻ പറഞ്ഞിട്ടുണ്ട്. ഇപ്രകാരംതന്നെ ഖലീഫത്തുൽ മസീഹ് റാബിഅ്നോട് ജർമ്മനിക്ക് വെളിയിലുള്ള ചിലർ വ്യക്തിഗതമായും വാഗ്ദാനം ചെയ്തിരുന്നു. അവരത് അടച്ചുകഴിഞ്ഞിട്ടുണ്ടാകും. ഇല്ലെങ്കിൽ അത് വസൂൽ ചെയ്യാനും ശ്രമിക്കുക. ഇതുമുഖേന കുറച്ചെങ്കിലും സഹായമാകും.

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1997-ൽ ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ഭാര്യയായ സയ്യിദ മഹ്ർ ആപ്പായുടെ പേരിൽ പള്ളിനിർമ്മാണത്തിനായി വാഗ്ദാനം വിളംബരം ചെയ്തിരുന്നു. പരേതയായ മഹ്ർ ആപ്പാ തന്റെ പേരിലുള്ള സ്വത്ത് ജമാഅത്തിന്റെ പേരിലാക്കിയിരുന്നു. അതിൽനിന്ന് കിട്ടുന്ന വരുമാനമനുസരിച്ച് വാഗ്ദാന സംഖ്യ അടച്ചുകൊണ്ടിരിക്കുമെന്നാണ് ഹുസൂർ പറഞ്ഞത്. അത് കൃത്യമായ വാഗ്ദാനമായിരുന്നു. ഇപ്പോൾ എനിക്കത് ഓർമ്മയില്ല. എന്തായാലും ആ തുക അടച്ചുകൊണ്ടിരുന്നു. ഇനി കുടിശ്ശികയുണ്ടെങ്കിൽ അത് അടച്ചുതീർക്കുന്നതായിരിക്കും. എന്നാൽ, മറ്റു കാര്യങ്ങൾക്കും ഈ സ്വത്തിന്റെ വരുമാനത്തിൽനിന്ന് പണം ചെലവഴിക്കുന്നുണ്ട്. എങ്കിലും ഓരോ വർഷവും 10,000 യൂറോയുടെ വാഗ്ദാനം അവരിൽനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹുതആല അവരുടെ സ്വത്തുക്കളിൽ കൂടുതൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.

പള്ളിനിർമ്മാണത്തിനായി ആരംഭത്തിൽ പണം വന്നുകൊണ്ടിരുന്നു. ജമാഅത്ത് വലിയ ത്യാഗം ചെയ്തു. അതുകൊണ്ട് ചില സെന്ററുകൾ വാങ്ങി. ഇതിൽ ബൈത്തുസ്സുബൂഹും പെടുന്നു. വൻതുക ഇതിനായി ചെലവായിട്ടുണ്ട്. എന്നാൽ ഇതിനൊക്കെ മുമ്പെ പള്ളികൾ നിർമ്മിക്കണമായിരുന്നു എന്ന ധാരണ ചിലർക്കുണ്ട്. ഇതുസംബന്ധമായി മുമ്പ് ഞാൻ പറഞ്ഞിട്ടുള്ളതാണ്. കാലത്തിന്റെ ഖലീഫയുടെ അനുവാദത്തോടെ ചെയ്തിട്ടുള്ള പ്രവർത്തിയെക്കുറിച്ച് കൂടുതൽ അഭിപ്രായം പറയാതിരിക്കേണ്ടതാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ അനുവാദത്തോടെയാണ് ബൈത്തുസ്സുബൂഹും മറ്റുചില കെട്ടിടങ്ങളും വാങ്ങിയത്.

ചില അഹ്മദികൾക്കും ജമാഅത്തുകൾക്കും മറ്റുചില ചിന്തകളുമുണ്ട്. അവർ അതായത്, തദ്ദേശ ജമാഅത്തിലുള്ളവർ ഒരു പള്ളിക്ക് എത്ര പണം ചെലവ് വരുമോ അത് കൊടുത്തു. പക്ഷേ, അവിടെ പള്ളിനിർമ്മാണം നടന്നില്ല. തങ്ങൾ നല്കിയ തുക മറ്റു പള്ളിക്കുവേണ്ടി ചെലവഴിച്ചു എന്നാണ് അവർ കരുതുന്നത്. ഏത് ജമാഅത്തുകൾക്കാണോ ഇത്തരം ചിന്താഗതികളുള്ളത് അവർ തങ്ങളുടെ നാട്ടിൽ സ്ഥലം അന്വേഷിച്ച് കണ്ടെത്തട്ടെ. സ്ഥലം കിട്ടിയാലുടൻ പള്ളി നിർമ്മിക്കാനുള്ള പണം അവർക്ക് ലഭിക്കുന്നതാണ്. സ്ഥലമെടുപ്പ് നടത്തേണ്ടത് നിങ്ങളാണ്. അതായത്, പ്ലോട്ട് വാങ്ങുകയും പള്ളി നിർമ്മിക്കാൻ അനുവാദം വാങ്ങുകയും ചെയ്യണം. ജർമ്മനി ജമാഅത്ത് മറ്റ് പ്രൊജക്ട് തുടങ്ങിയിട്ടുണ്ടെങ്കിൽ, അതായത് പള്ളി കൂടാതെയുള്ള മറ്റു പ്രൊജക്ട് തുടങ്ങിയിട്ടുണ്ടെങ്കിൽ, പണം അതിനായി ചെലവാക്കുകയും അക്കാരണത്താൽ നിങ്ങളുടെ നമ്പർ പിന്നിലാവുകയും ചെയ്തിട്ടുണ്ടെങ്കിൽ അതെന്നെ അറിയിക്കുക. പള്ളി പണിയാൻതക്ക പണം അത്തരം ജമാഅത്ത് നല്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ അതായത്, ഞങ്ങൾ കണക്കുകൂട്ടിയിരിക്കുന്നത്ര തുക- നിങ്ങളുടെ പള്ളിനിർമ്മാണ പ്രവർത്തനം ആ തുക കാരണത്താൽ തടസ്സപ്പെടുകയില്ല. പള്ളിയുടെ നിർമ്മാണം ആറാമതോ ഏഴാമതോ എട്ടാമതോ ആണെങ്കിലും നടക്കുന്നതാണ്. എന്നാൽ, സാമ്പത്തിക കഴിവുണ്ടെങ്കിൽ- ഇത്ര പണം ഞങ്ങൾ അടച്ചുകഴിഞ്ഞു. ഇനി ഞങ്ങൾക്ക് പള്ളി നിർമ്മിച്ചുതരിക, കൂടുതൽ തുക ഞങ്ങൾ അടക്കുകയില്ല എന്ന് പറയുന്നത് തെറ്റായ പ്രവണതയാണ്. നിങ്ങളുടെ കൈ ഒരിക്കലും തടഞ്ഞുവയ്ക്കാൻ പാടില്ല. പ്രത്യുത, ബലഹീനരായ ജമാഅത്തുകളെ സഹായിക്കാനായി പള്ളി നിർമ്മാണ ഫണ്ടിലേക്ക് പണം അടച്ചുകൊണ്ടിരിക്കണം. ഹദീസ് നിങ്ങൾ കേട്ടു. അതായത്, പള്ളി നിർമ്മിക്കുന്നവൻ സ്വർഗ്ഗത്തിൽ തനിക്കുള്ള വീട് നിർമ്മിക്കുകയാണ് ചെയ്യുന്നത്. ജന്നത്തിൽ എത്രയധികം വീടുകൾ പണിതീരുന്നുവോ അത്രയധികം പൊറുക്കലിനുള്ള അവസരം ഉണ്ടാവുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങ

ളിലേക്ക് ശ്രദ്ധിക്കുന്നില്ല എന്ന ചിന്ത നിങ്ങൾക്കു വേണ്ട. തദ്ദേശ ജമാഅത്തും മർക്കസീ കമ്മിറ്റിയും സ്ഥലം ഇഷ്ടപ്പെടുകയാണെങ്കിൽ ജർമ്മനി ജമാഅത്തിന്റെ കയ്യിൽ പണമില്ലെങ്കിൽതന്നെ അതിനുള്ള ഏർപ്പാടുണ്ടാകുന്നതാണ്. ഇൻശാഅല്ലാഹ്. നിങ്ങൾ ഇത്തരം ചെറിയ ചെറിയ കാര്യങ്ങളിൽനിന്ന് മോചിതരായിക്കൊണ്ട് അല്ലാഹുവിനുവേണ്ടി പള്ളി നിർമ്മിക്കാൻ ശ്രദ്ധിക്കുക. അതിനുവേണ്ടി ശ്രമിക്കുന്നവരായി തീരുക. ഞാൻ ആദ്യം പറഞ്ഞതുപോലെ ഇതിലൂടെ നിങ്ങൾക്ക് തബ്‌ലീഗിനുള്ള വഴി തുറക്കുന്നതാണ്.

രണ്ടാമത്തെ പ്രധാന കാര്യം തബ്‌ലീഗിനായി പരിശ്രമിക്കുക എന്നതാണ്. അതിനായി സ്വന്തം അവസ്ഥകൾ നന്നാക്കിയതിനു, സ്വന്തം ആരാധനാകർമ്മങ്ങളുടെ നില മെച്ചപ്പെടുത്തിയതിനും സ്വന്തം പള്ളികളെ സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും അടയാളമാക്കിയതിനും ശേഷം ഈ സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും സന്ദേശം നാലുഭാഗത്തും അല്ലാഹുവിന്റെ തൗഹീദിന്റെ സന്ദേശത്തോടൊപ്പം ഉയരേണ്ടതാണ്. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശത്തെ സ്വന്തം നാട്ടിലെ ഓരോ വ്യക്തികൾക്കും എത്തിച്ചുകൊടുക്കുക. ഈ സന്ദേശമാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. ഈ സന്ദേശവുമായിട്ടാണ് ലോകത്തിന്റെ ശാന്തിയും സമാധാനവും ബന്ധപ്പെട്ടിരിക്കുന്നത്. ഈ സന്ദേശം എത്തിക്കുന്നതിലൂടെയാണ് അല്ലാഹുവിന്റെ സാമീപ്യം ലഭിക്കേണ്ടത്. ഈ ഭൂമിലോകത്ത് ഈ മനോഹരമായ അദ്ധ്യാപനങ്ങൾക്കു പുറമേ ലോകത്തെ ശാന്തിയുടേയും സമാധാനത്തിന്റേയും കളിത്തൊട്ടിലാക്കാനും ജനങ്ങളെ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരാക്കാനും മറ്റൊരു അദ്ധ്യാപനവുമില്ല. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

وَمَنْ أَحْسَنُ قَوْلًا مِّمَّنْ دَعَا إِلَى اللَّهِ وَعَمِلَ
صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ ﴿٣٣﴾

അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ഞാൻ അനുസരണമുള്ളവനിൽപെട്ടവൻ തന്നെയാണെന്നും പറയുകയും ചെയ്യുന്ന ഒരുവനെക്കാൾ നല്ല വാക്ക് പറയുന്നവനാരുണ്ട്?

ഒരഹ്മദിയിൽനിന്ന് പ്രതീക്ഷിക്കുന്ന ഈ പൂർണ്ണമായ അനുസരണം സൽകർമ്മങ്ങൾ ചെയ്യുമ്പോഴും അല്ലാഹുവിനെ കൃത്യമായി ആരാധിക്കുമ്പോഴും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുമ്പോഴുമാണ് ഉണ്ടാകുന്നത്. പിന്നീട് അത്തരക്കാർ ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുമ്പോൾ അവരുടെ സത്യസന്ധത കാരണത്താൽ ആളുകൾ അവരിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങുന്നു. ആ സൽകർമ്മങ്ങൾ കൊണ്ട് അവരുടെമേൽ അല്ലാഹുവിന്റെ ദൃഷ്ടി പതിയുന്നു. അത്തരക്കാരെ അവൻ സഹായിക്കുന്നു. തബ്‌ലീഗ് രംഗത്തുള്ള അവരുടെ തടസ്സങ്ങൾ അകലുന്നു. പള്ളി പണിയുന്നതിൽ തടസ്സമുണ്ടാക്കുന്ന എതിരാളികൾ, മുസ്‌ലിംകളെ വെറുപ്പോടെ നോക്കുന്ന ആളുകൾ, മുസ്‌ലിംകൾ തങ്ങളുടെ നാട്ടിൽ ആരാധിക്കുന്നതിനായി സംഘടിക്കുന്നത് സഹിക്കാൻ പറ്റാത്ത ആളുകൾക്കെല്ലാം നിങ്ങളുടെ കർമ്മങ്ങളും ആരാധനകളും കാണുമ്പോൾ നിങ്ങളുടെ നെറ്റിത്തടത്തിൽ സത്യവിശ്വാസിയുടെ അടയാളം കാണാൻ കഴിയും. ഇന്ന് മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി തേച്ചുപിടിപ്പിക്കുന്ന അടയാളമല്ല അത്. എന്നോട് ആരോ പറയുകയുണ്ടായി, അയാൾ മുസല്ല വാങ്ങുന്നതിനായി കറാച്ചിയിലെ ഒരു കടയിൽപോയി. മുസല്ല കൊടുക്കുന്നതിനോടൊപ്പം ചെറിയ ചില പൊതികളും അയാൾ നല്കി. ഈ പൊതി എന്താണെന്ന് ചോദിച്ചപ്പോൾ അത് നെറ്റിയിൽ തേച്ചാൽ നമസ്കാര തഴമ്പുപോലെ തോന്നുമെന്നാണ് പറഞ്ഞത്. ഇതാണ് ഇത്തരക്കാരുടെ അടയാളം.

അവരുടെ നമസ്കാരവും അവരുടെ മുഖത്തേക്ക് വലിച്ചെറിയുമെന്ന് അല്ലാഹു പറഞ്ഞത് അത്തരക്കാരെക്കുറിച്ചാണ്. എന്തായാലും അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നവരോടും സൽകർമ്മങ്ങൾ ചെയ്യുന്നവരോടും അല്ലാഹു വീണ്ടും വാഗ്ദാനം ചെയ്യുന്നു- നിങ്ങൾ എല്ലാ പ്രവൃത്തിയും അല്ലാഹുവിനുവേണ്ടി ചെയ്യുകയും പൂർണ്ണമായ അനുസാരിയാവുകയും ചെയ്താൽ നിങ്ങളുടെ ശത്രുപോലും നിങ്ങളുടെ മിത്രമായിത്തീരുംവിധം അല്ലാഹു അനുഗ്രഹിക്കുന്നതാണ്. അവൻ പറയുന്നു: ***ഇദ്ഫഅ് ബില്ലത്തീ ഹിയ അഹ്സനു ഫഇദല്ലദീ ബയ്നക്ക വ ബയ്നഹു അദാവത്തുൻ കഅന്നഹു വലിയ്യുൻ ഹമീം*** ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് ചീത്തയെ തടയുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞുകൂടുന്നവൻ പെട്ടന്നതാ ഒരാത്മമിത്രമെന്നപോലെ ആയിത്തീരുന്നു. (41:35)

അതുകൊണ്ട് നല്ലനിലയിലുള്ള പ്രതിരോധം ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനത്തിലൂടെയും ആ അദ്ധ്യാപനം സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കുന്നതിലൂടെയുമാണ് നടക്കുക. ഇന്ന് ഇസ്‌ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്ന എല്ലാ ആരോപണങ്ങ

ളേയും കഴുകിക്കളയുന്നതിന് കർമ്മപരമായ മാതൃകയോടൊപ്പം ഈ മനോഹരമായ അദ്ധ്യാപനം ജനങ്ങളിൽ എത്തിക്കേണ്ടത് വളരെ നിർബന്ധമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശത്രുവാണെങ്കിൽപോലും സൽപെരുമാറ്റവും മൃദുലസമീപനവുംകൊണ്ട് മിത്രമായിത്തീരുമെന്നുള്ള ഈ അദ്ധ്യാപനം സമാധാനത്തോടും സ്വസ്ഥതയോടുംകൂടി കേൾക്കുന്നതിനായിട്ടാണ്. വീണ്ടും അവിടന്ന് പറയുന്നു: തഖ്‌വയ്ക്ക് ഒരുപാട് ഭാഗങ്ങളുണ്ട്. അഹങ്കാരത്തിൽനിന്നും സ്വാർത്ഥതയിൽനിന്നും നിഷിദ്ധമായ മുതൽ തിന്നുന്നതിൽനിന്നും ദുസ്വഭാവങ്ങളിൽനിന്നും രക്ഷപ്പെടുക എന്നതാണ് തഖ്‌വ. ആരാണോ സൽസ്വഭാവം കാണിക്കുന്നത് അവന്റെ ശത്രുവും മിത്രമായിത്തീരുന്നു. വീണ്ടും പറഞ്ഞു: ഹിദായത്ത് എന്തൊന്നാണോ നിർദ്ദേശിക്കുന്നത് അതിൽ ചിന്തിക്കുക. ഈ ഹിദായത്തിൽ- സന്മാർഗ്ഗത്തിൽ അല്ലാഹു ഉദ്ദേശിക്കുന്നത് എതിരാളി ചീത്തവിളിച്ചാൽ അതിനുള്ള മറുപടി ചീത്തകൊണ്ട് കൊടുക്കാതെ ക്ഷമിക്കുക എന്നതാണ്. ഇതിന്റെ ഫലമായി നിങ്ങളുടെ മേന്മ വെളിപ്പെട്ട് അവർ സ്വയം ലജ്ജിതരായിത്തീരും. നിയമപരമായി അവർക്ക് കൊടുക്കുന്ന ശിക്ഷയേക്കാൾ വലുതായിരിക്കും ഇത്തരത്തിലുള്ള ശിക്ഷ. ഒരു സാധാരണ മനുഷ്യന് കൊലപാതകം വരെ കാര്യമെത്തിക്കാൻ കഴിയും. എന്നാൽ, മനുഷ്യത്വം നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത് അതല്ല. സൽസ്വഭാവം ഏറ്റവും മോശപ്പെട്ട മനുഷ്യന്റെമേൽ പോലും അതിന്റേതായ സ്വാധീനമുണ്ടാക്കുന്നു.

ഇതാണ് സൽകർമ്മത്തിന്റെ നില. ഇത് നാം സ്വായത്തമാക്കേണ്ടതാണ്. ഇതുമുഖേന തബ്‌ലീഗിനുള്ള വഴിയും തുറക്കുന്നു. പരസ്പരമുള്ള പിണക്കവും രസമില്ലായ്മയും അകലുന്നു. കാരണം സൽമാതൃക കാണിക്കുന്നതിനും അഹ്മദീ സമൂഹത്തിന്റെ അന്തസ്സ് നിലനിർത്തുന്നതിനും സ്നേഹത്തോടും സന്തോഷത്തോടും വർത്തിക്കുകയും പിണക്കങ്ങൾ അകറ്റുകയും ചെയ്യേണ്ടതാണ്. ചീത്തവിളിക്കുള്ള മറുപടി ചീത്തകൊണ്ട് കൊടുക്കാതെ ക്ഷമിക്കുക എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമ്മൾ പരസ്പരം കൂടുതൽ ഈ ക്ഷമയുടെ മാതൃക കാണിക്കേണ്ടതാണ്. ഈ ക്ഷമകൊണ്ടുള്ള ശിക്ഷ ഇതര ശിക്ഷയേക്കാൾ കഠിനതരമാണെന്ന് അവിടന്ന് പറയുകയുണ്ടായി. ഈ ഉദ്ദേശ്യത്തോടെ സ്വന്തക്കാരുടേയും ഇതരരുടേയും കഠിനതരമായ പെരുമാറ്റത്തെ സഹിക്കുമ്പോൾ സ്വന്തം അക്ഷമ അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിന് തടസ്സമാകാതെ വരുമ്പോൾ അല്ലാഹു നാനാഭാഗത്തുനിന്നും അവന്റെ അനുഗ്രഹം വർഷിക്കുന്നതാണ്. ഇൻശാഅല്ലാഹ്. സ്ഥിരചിത്തത കാണിക്കുന്നവരും മുന്നോട്ട് നന്മകൾ പരത്തുന്നവരുമായ പുതിയ പുതിയ കനികളും നിങ്ങൾക്ക് ലഭിക്കുന്നതാണ്. പള്ളികൾ നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങളും അകലുന്നതാണ്. നിങ്ങളുടെ വികാരങ്ങളും ധനവും ത്യാഗം ചെയ്യുന്ന കാരണത്താൽ നിങ്ങളുടെ ജീവനിലും ധനത്തിലും അല്ലാഹു ബർക്കത്ത് നല്കുന്നതാണ്. അതുകൊണ്ട് ഇതിനായി പരിശ്രമിക്കുക. പരിശുദ്ധമായ ജീവിതം കണ്ടുകൊണ്ട് ബയ്അത്ത് ചെയ്തിട്ടുള്ളവർ തങ്ങൾ കരസ്ഥമാക്കിയ സന്ദേശം മറ്റുള്ളവർക്ക് എത്തിക്കുന്നതിലും മാതൃകയാകാറുണ്ട്. ഓരോ ദിവസവും അവർ അഹ്മദിയ്യത്തിൽ ദൃഢമായി നിന്നുകൊണ്ട് മുന്നോട്ടു പോകുന്നു. എന്നാൽ ബലഹീനരായ അഹ്മദികളുമായി ബന്ധത്തിൽ കഴിയുന്നവർ നഷ്ടത്തിൽ അകപ്പെടുകയോ അതിന്റെ അടുത്ത് എത്തുകയോ ചെയ്യുന്നു. അതിനാൽ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് സ്വന്തം ബലഹീനത അകറ്റാൻ ശ്രമിക്കുക. ഇത്തരം അവസ്ഥയിൽ ഇസ്തിഗ്ഫാർ ചെയ്യാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 16.6.2006 at Germany

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org